CHRISTIAN MUSICOLOGICAL SOCIETY of INDIA

സീറോമലബാർസഭയുടെ

# ആരാധനക്രമം

രണ്ടാം പുസ്തകം

## ഉള്ളടക്കം


| | വിശുദ്ധവാരകർമ്മങ്ങൾ | പേജ് |
|---|---|---|
| 1 | വിഭൂതി | 7 |
| 2 | ഓശാന ഞായർ | 25 |
| 3 | പെസഹാവ്യാഴം | 43 |
| 4 | ദുഃഖവെള്ളി | 61 |
| 5 | ദുഃഖശനി | 120 |
| 6 | ഉയിർപ്പു ഞായർ | 142 |
| | **കൂദാശകൾ** | |
| 7 | മാമ്മോദീസ | 165 |
| 8 | സ്ഥൈര്യലേപനം | 180 |
| 9 | രോഗീലേപനം | 196 |
| 10 | വിവാഹം | 207 |
| 11 | അന്നബന്ധം | 222 |


christianmusicologicalsocietyofindia.com

## തിരുനാൾക്കർമ്മങ്ങൾ


| | | |
|---|---|---|
| 12 | കൊടി ഉയർത്തൽ | 229 |
| 13 | ലദീഞ്ഞു് | 231 |
| 14 | പ്രദക്ഷിണം | 246 |
| 15 | തിരുനാൾ ഏല്പിക്കൽ | 249 |
| 16 | തിരി വെഞ്ചരിപ്പ് | 250 |
| 17 | രൂപം എഴുന്നള്ളിച്ചുവയ്ക്കൽ | 251 |
| 18 | വേസ്പര | 252 |
| 19 | തിരുനാൾ പാട്ടുകുർബ്ബാന | 269 |
| 20 | തിരുനാൾ റാസ | 317 |
| 21 | വർഷാരംഭ പ്രാർത്ഥന | 367 |
| 22 | വർഷാവസാന പ്രാർത്ഥന | 379 |
| 23 | ക്രിസ്മസ് രാത്രി | 391 |


CHRISTIAN MUSICOLOGICAL SOCIETY of INDIA

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA

# വിശുദ്ധവാരകർമ്മങ്ങൾ

(വിഭൂതി, ഓശാനഞായർ
പെസഹാവ്യാഴം, ദുഃഖവെള്ളി
ദുഃഖശനി, ഉയിർപ്പുഞായർ)

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA

# അനുഷ്ഠാനവിധികൾ

## ഓശാന ഞായർ

മിശിഹായുടെ വിജയപൂർണ്ണമായ പട്ടണപ്രവേശനമാണല്ലോ ഓശാനദിവസം നാം അനുസ്മരിക്കുന്നതു്. കൽദായക്കാരുടെയിടയിൽ, തലേദിവസം തന്നെ സൈത്തിൻ ചില്ലകൾ വെഞ്ചരിച്ചു കൊടുക്കുകയും, ഞായറാഴ്ച ദിവസം ജനങ്ങൾ പ്രത്യേക കേന്ദ്രങ്ങളിൽ ഒരുമിച്ചുകൂടി ഘോഷയാത്രയായി ദേവാലയത്തിലേയ്ക്കു പ്രവേശിക്കയുമാണു ചെയ്യുന്നതു്. മററു ചില പൗരസ്ത്യരുടെയിടയിലും ആ പതിവുതന്നെ തുടന്നു പോകുന്നു. വെഞ്ചരിച്ച ഓല വഹിച്ചുകൊണ്ടു പ്രദക്ഷിണമായി പള്ളിയിലേയ്ക്കു കയറുന്നതാണു് സൂചിതസംഭവവുമായി പൊരുത്തപ്പെടുന്നതു്. അതിനാൽ ഓശാനദിവസം കർബ്ബാനയുടെ ആദ്യഭാഗം കുരിശിൻതൊട്ടിയിലോ മററോ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സ്ഥലത്തുവച്ചു നടത്തണം. സുവിശേഷവായനയും പ്രസംഗവും കഴിയുമ്പോൾ ഓല വെഞ്ചരിക്കയും തുടർന്നു പ്രദക്ഷിണം നടത്തുകയും ചെയ്യണം. പള്ളിയോടടുത്തു സ്കൂൾകെട്ടിടമോ മററോ ഉണ്ടെങ്കിൽ കർമ്മങ്ങൾ അവിടെ വച്ചു് ആരംഭിക്കുന്നതു് നന്നായിരിക്കും.

പള്ളിയുടെ ആനവാതിൽ നേരത്തെ അടച്ചിട്ടിരിക്കണം. പ്രദക്ഷിണം പള്ളിയോടു് അടുക്കാറാകുമ്പോൾ രണ്ടോ മൂന്നോ പാട്ടുകാർ പള്ളിയകത്തു കടന്നു വാതില്ക്കൽ പോയി നിൽക്കുന്നു.

സൂചന: അധികം ജനങ്ങളുള്ളപ്പോൾ സമയലാഭത്തിനുവേണ്ടി പുരോഹിതൻ നിശ്ചയിക്കുന്ന മററു വ്യക്തികളും കുരുത്തോലവിതരണത്തിനു സഹായിക്കുന്നു.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA

## പെസഹാവ്യാഴം

അഴിക്കാലിനടുത്തോ പള്ളിയുടെ നടുവിലോ ഒരു മേശയിട്ടിരിക്കണം. അവിടെയാണു കുർബ്ബാനയാരംഭിക്കുന്നതു്. കാലുകഴുകപ്പെടുവാനുള്ള പന്ത്രണ്ടുപേർ മേശയുടെ മുമ്പിൽ രണ്ടുവശത്തുമായി നില്ക്കുന്നു. അവർക്കു് ഇരിക്കാനുള്ള ബെഞ്ചുകൾ ഇട്ടിരിക്കണം.

ബെയ്സിൻ, ഇഞ്ച, സോപ്പു്, പുരോഹിതന്റെ അരയിൽച്ചുററുവാൻ കച്ച എന്നിവയും നേരത്തെ കരുതിയിരിക്കണം.

കുർബ്ബാനയ്ക്കു രണ്ടു വലിയ ഓസ്തികൾ വച്ചിരിക്കണം. വെള്ളിയാഴ്ചത്തെ കുർബ്ബാനയിൽ രണ്ടു രൂപങ്ങളിലും കുർബ്ബാന സ്വീകരിക്കുന്നുണ്ടെങ്കിൽ, കൂദാശ ചെയ്യപ്പെടുന്നതിനായി രണ്ടുകാസകളിൽ വീഞ്ഞും തയ്യാറാക്കണം. വെള്ളിയാഴ്ച കുർബ്ബാന കൊടുക്കുന്നതിനുവേണ്ടി ചെറിയ ഓസ്തികൾ വ്യാഴാഴ്ചതന്നെ കൂദാശചെയ്തു സൂക്ഷിക്കേണ്ടതാണു്.

കർമ്മങ്ങൾകഴിഞ്ഞു വിശുദ്ധകുർബ്ബാന ചെറിയ അൾത്താരയിലേക്കു് മാററി സ്ഥാപിച്ചശേഷം ആരാധന തുടങ്ങുന്നു. അവസാനിപ്പിക്കുവാനുള്ള സമയം സ്ഥലകാലസാഹചര്യങ്ങളും, രൂപതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളുമനുസരിച്ചു നിശ്ചയിക്കേണ്ടതാണു്.

## ദുഃഖവെള്ളി

വലിയ അൾത്താരയിലോ അതിനുമുമ്പിലോ കുരിശുരൂപവും മററും സ്ഥാപിച്ചു് ഒരു 'ഗാഗുൽത്താ' സംവിധാനം ചെയ്തു വിരികൊണ്ടു മറച്ചിട്ടിരിക്കണം,

തലേദിവസം കൂദാശചെയ്ത കുർബ്ബാനയാണു സ്വീകരിക്കുന്നതു്. വിശ്വാസികൾക്കും അന്നു വിശുദ്ധകുർബ്ബാന

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA



സ്വീകരിക്കാവുന്നതാണ്. തിരുരക്തം സൂക്ഷിച്ചുവച്ചിട്ടു ണ്ടെങ്കിൽ വെള്ളിയാഴ്ച, സാധാരണ മുറയ്ക്ക് അതു് ഉൾക്കൊള്ളുന്നു. തിരുരക്തം സൂക്ഷിച്ചിട്ടില്ലെങ്കിൽ പുരോഹിതൻ തിരുവോസ്തിമാത്രം ഉൾക്കൊള്ളുകയും, ''സ്വർഗ്ഗീയമണവാളാ...'' എന്നു തുടങ്ങുന്ന രണ്ടു പ്രാർത്ഥനകളും ഉപേക്ഷിക്കുകയും ചെയ്യുന്നു.

കുരിശുരൂപം താഴെയിറക്കിവച്ചശേഷമാണു പ്രദക്ഷിണം നടത്തുക. മറെറാരു സമയത്താണ് അതു നടത്തുന്നതെങ്കിൽ കുരിശുരൂപം താഴെയിറക്കിവെച്ചശേഷം 'ഒരു രാത്രിയിൽ...' എന്നു തുടങ്ങുന്ന സുവിശേഷഭാഗം വായിച്ചുകൊണ്ടു രൂപം മുത്തൽ ആരംഭിക്കുന്നു.

'കുരിശിനാലേ' എന്ന പാട്ടുകഴിഞ്ഞു് ഉടനെയോ (അതായതു് കാറോസൂസയ്ക്കു മുമ്പു്) പ്രദക്ഷിണത്തിനു തൊട്ടുമുമ്പോ ആണു പ്രസംഗം പറയേണ്ടതു്.

സൂചന: വിജ്ഞാപനങ്ങൾ ഉപേക്ഷിക്കയോ, യുക്തംപോലെ വികസിപ്പിച്ചു പറയുകയോ ചെയ്യാം.

CHRISTIAN MUSICOLOGICAL SOCIETY of INDIA

# വിഭൂതി

സജ്ജീകരണങ്ങൾ: ബലിപീഠത്തിനു സമീപം ഒരു ചെറിയ മേശമേൽ ഭസ്മം തയ്യാറാക്കി വച്ചിരിക്കണം. വെഞ്ചരിച്ച പനിനീർ, ധൂപക്കുറ്റി, ഒരു ചെറിയ കഷണം കുരുത്തോല.

പതിവുപോലെ കർബാനയാരംഭിക്കുന്നു.

**പുരോ:** പിതാവിന്റെയും † പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**പുരോ:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**പുരോ:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**പുരോ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെനാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

christianmusicologicalsocietyofindia.com